# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3616 | 30.01.2014-ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി

**ചോദ്യം**

ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി

(എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും ഇതിനായി പ്രത്യേകം പരിശീലനം ലഭിച്ച യൂണിറ്റുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ഇത്തരം കുറ്റകൃത്യങ്ങൾക്ക് പൊതുജനങ്ങൾ ഇരകളാകാതിരിക്കുന്നതിനും വേണ്ടി സന്നദ്ധ സംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾ എന്നിവയുമായി ചേർന്ന് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

(ബി) എല്ലാ പോലീസ് ജില്ലകളിലും സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും, അനന്തര നടപടികൾ സ്വീകരിക്കുന്നതിനും പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരടങ്ങിയ ഓരോ ജില്ലാ സൈബർ സെല്ലും, തിരുവനന്തപുരം ആസ്ഥാനമായി ഹൈ-ടെക് ക്രൈം എൻക്വയറി സെല്ലും, തിരുവനനന്തപുരം എസ്.സി.ആർ.ബി യിൽ ഒരു സൈബർ പോലീസ് സ്റ്റേഷനും പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ